V. റിപ്പോർട്ട് സമർപ്പണം

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞങ്ങൾക്ക് ഇതുവരെ കിട്ടിയിട്ടില്ല. ഞങ്ങൾക്ക് ഭേദഗതി കൊടുക്കാനുള്ള സമയം വേണ്ടേ?

മി. സ്പീക്കർ: മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി ഇന്നലെ ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് കൂടി രാത്രിയാണ് അവസാനിച്ചത്. അതു കഴിഞ്ഞ് മൂന്നു മണിക്ക് ശേഷമാണ് നമ്മുടെ ആഫീസിൽനിന്ന് എല്ലാം പൂർത്തീകരിച്ച് പ്രസ്സിലേയ്ക്ക് അയച്ചത്. പത്തു മണിക്ക് എം.എൽ.എ.-മാരുടെ കോപ്പി തരാമെന്ന് പറഞ്ഞിട്ടുണ്ട്. കിട്ടിയാൽ ഉടനെ തരാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഭേദഗതി കൊടുക്കുന്നതിന് വൈകുന്നേരം 6.00 മണി വരെയെങ്കിലും സമയം തരണം.

മി. സ്പീക്കർ: 6.00 മണി കഴിഞ്ഞാൽ ഇതിന്റെ പ്രോസ്സസ് തീർത്ത് നാളെ രാവിലെ എങ്ങനെ എടുക്കാൻ പറ്റും? വലിയ ബില്ലാണ്. എനിക്ക് വിരോധമുണ്ടായിട്ടല്ല. ആഫീസിൽ പ്രോസ്സസ് ചെയ്ത് തീരണ്ടേ? ഭേദഗതികൾ മുഴുവൻ പരിശോധിക്കണ്ടേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾക്ക് കുറച്ച് change വരുത്താനുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്ത് മിക്കവാറും എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടുണ്ട്. അധികം ഭേദഗതികൾ ഉണ്ടാകുകയില്ലെന്നാണ് എന്നോട് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത്. ഭേദഗതികളുടെ നമ്പർ ലിമിറ്റ് ചെയ്യുകയാണെങ്കിൽ സമയം കൊടുക്കുന്നതുകൊണ്ട് കുഴപ്പമില്ല.

മി. സ്പീക്കർ: ഭേദഗതികളുടെ നമ്പർ ലിമിറ്റ് ചെയ്യണം. ഒരുപാട് ഭേദഗതികൾ വന്നാൽ പ്രോസ്സസ് ചെയ്യാൻ പറ്റുകയില്ല. ഇവിടുത്തെ സ്റ്റാഫും പ്രസ്സിൽ നിൽക്കുകയാണ്. എം.എൽ.എ.-മാരുടെ കോപ്പി റെഡിയായാൽ ഉടനെ എടുത്തുകൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട്. മൂന്നുമണി എന്നുള്ളത് 6.00 മണിവരെയാക്കാം. ദയവു ചെയ്ത് ഭേദഗതികൾ കുറയ്ക്കണം. മുഴുവൻ പ്രോസ്സസ് ചെയ്ത് മന്ത്രിക്ക് കൊടുക്കണം. നിങ്ങൾക്ക് തരണം. വെളുക്കുന്നതുവരെ ഇരുന്നാലും തീരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly